**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഹാന്റെക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല ആകർഷകമാക്കുന്നതിനും ഇവയുടെ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം പൊതു സൗകര്യങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ? | (എ) | **ഹാന്റക്സ്**<br><br>ഹാന്റക്സിൽ വിപണി മെച്ചപ്പെടുത്തുന്നതിന് വില്പനശാലകളുടെ നവീകരണം പ്രധാനമായി ലക്ഷ്യമിടുന്നു. പെരിന്തൽമണ്ണ ഷോറൂം നവീ കരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 40 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകുകയും നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 'കൈത്തറി സുരക്ഷ പദ്ധതി' പ്രകാരം സർക്കാർ അനുവദിച്ച 1.10 കോടി രൂപ ഉപയോഗിച്ച് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിപണിയുടെ ആവശ്യകത അനുസരിച്ച് വികസിപ്പിച്ച പുതിയ പാറ്റേണിലുള്ള കളറും ഡിസൈനും സമന്വയിപ്പിച്ച പ്രീമിയം ദോത്തികൾ, ഷർട്ടിംഗുകൾ, കുത്താംപുള്ളി സാരികൾ, ബാലരാമപുരം സാരികൾ മാത്രമല്ല മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കുന്നതിന്റെ ഭാഗമായി ഹാന്റക്സ് റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ, കുർത്തികൾ എന്നിവ നിർമ്മിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഒരു കോടി രൂപ ഹാന്റക്സ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയ്ക്കും, 1.25 കോടി രൂപ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് e-commerce platform നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**ഹാൻവീവ്**<br><br>കോർപ്പറേഷന്റെ വില്പന ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി "proud-e" എന്ന പേരിൽ ഗിഫ്റ്റ് ബോക്സ് |

| | | | |
|---|---|---|---|
| | | | വിപണിയിൽ ഇറക്കിയിരുന്നു. സർക്കാർ ജീവനക്കാർക്ക് ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഷർട്ടിംഗ്/സ്യൂട്ടിംഗ് തുണിത്തരങ്ങൾ ഉൾപ്പെടുത്തി പുതിയ കോംമ്പോ പായ്ക്ക് വിപണനം ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ-കോമേഴ്സ് സമ്പ്രദായം, e-ഏജൻസി ഷോറൂമുകൾ എന്നിവ നടപ്പിലാക്കുന്നതിനും മാർക്കറ്റിംഗ് ഏജന്റുമാരെ നിയോഗിച്ച് മാർക്കറ്റിംഗ് പ്രവർത്തനം വിപുലപ്പെടുത്താനുമുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പുതിയ ഉല്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ